# വാസ്തുവിദ്യാ ഗുരുകുലം

ചുമർചിത്ര, വാസ്തുവിദ്യാ പരിപോഷണ, സുസ്ഥിര
സാങ്കേതികവിദ്യാ ഗവേഷണ കേന്ദ്രം

**കേരള സർക്കാർ -സാംസ്കാരിക കാര്യ വകുപ്പ്**
**ഭാരത സർക്കാർ, എ.ഐ.സി.ടി.ഇ – ഐ.കെ.എസ്. കേന്ദ്രം**

ആറന്മുള
പത്തനംതിട്ട ജില്ല  കേരള - 689 533
ഫോൺ : 0468 -2319740

VASTHUVIDYA GURUKULAM

## പ്രോസ്പെക്ടസ്

# വാസ്തുവിദ്യാ ഗുരുകുലം

| | | |
|---|---|---|
| ചെയർമാൻ | - | പത്മശ്രീ. ഡോ. ജി. ശങ്കർ |
| വൈസ് ചെയർമാൻ | - | ശ്രീ. ആർ. അജയകുമാർ |
| ഡീൻ | - | ശ്രീ. കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് |
| എക്സിക്യൂട്ടീവ് ഡയറക്ടർ | - | ശ്രീ. പ്രിയദർശനൻ പി.എസ്. |
| സ്ഥപതി, കോഴ്സ് കോ-ഓർഡിനേറ്റർ (ഇൻ ചാർജ്ജ്) | - | ശ്രീ. എ. ബി. ശിവൻ |

# വാസ്തുവിദ്യാ ഗുരുകുലം

ഉന്നത മാനവികതഅടിത്തറയിൽ ഊന്നിയും പുരോഗമന, ജനാധിപത്യ, മതേതര മൂല്യങ്ങൾ ഊർജ്ജം പകർന്നും രൂപപ്പെട്ടുവന്നതാണ് കേരളത്തിന്റെ സാംസ്കാരിക മണ്ഡലം. കേരളീയ കലകളും സാഹിത്യവും വൈജ്ഞാനിക ശാഖകളും നമ്മുടെ സാംസ്കാരിക പൈതൃകത്തിനെ കൂടുതൽ സമ്പന്നമാക്കുന്നു. പ്രകൃതിയോട് കലഹിക്കുന്നതിനുപകരം അതിനോട് രമ്യതപ്പെട്ട് മണ്ണിനേയും മരത്തിനേയും പുഴകളേയും മനുഷ്യന്റെ ആവാസ വ്യവസ്ഥയിലേക്ക് ചേർത്ത് പിടിക്കുന്നതാണ് നമ്മുടെ തനത് വാസ്തുവിദ്യാ പാരമ്പര്യം. പുനരുപയോഗക്ഷമങ്ങളായ നിർമ്മാണസാമഗ്രികൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന നിർമ്മാണ സങ്കേതമാണ് നമ്മുടെ തദ്ദേശീയ തച്ചുശാസ്ത്രം (vernacular architecture) വിഭാവനം ചെയ്യുന്നത്. മനുഷ്യവാസഗ്രഹങ്ങളിലും ആരാധനാലയങ്ങളിലും പ്രകൃതിദത്ത നിറക്കൂട്ടുകൾ ഉപയോഗിച്ചുള്ള ചുമർചിത്ര രചന കേരളത്തിന്റെ കലാസാംസ്കാരിക നിറവിനെ ഉദ്ഘോഷിക്കുന്നു. നമ്മുടെ വാസ്തുശിൽപ പാരമ്പര്യത്തെയും ചുമർചിത്രകലാ പൈതൃകത്തെയും ദാരു, ശിലാ ശിൽപ്പ, കരകൗശല പെരുമകളെയും സംരക്ഷിച്ച് പരിപോഷിപ്പിക്കുക കാലാവസ്ഥാനുസൃതവും പ്രകൃതി സൗഹൃദവുമായ നിർമ്മാണ വിദ്യകളെ പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കഴിഞ്ഞ മൂന്നു ദശാബ്ദത്തോളമായി പ്രവർത്തിച്ചുവരുന്നു വാസ്തുവിദ്യാ ഗുരുകുലം.

സംസ്ഥാന സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുള കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന വാസ്തുവിദ്യാ ഗുരുകുലം വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവഹിക്കുന്നു. വാസ്തുവിദ്യാ ഗുരുകുലത്തിൻറ പ്രധാന പ്രവർത്തന മേഖലകൾ ചുവടെ ചേർക്കുന്നു:

1.വാസ്തുശില്പ കൺസൽട്ടൻസിവിഭാഗം
2. ഹരിത നിർമ്മാണ സാങ്കേതികവിദ്യാ കൺസൽട്ടൻസി
3. ചുമർചിത്ര രചനാ വിഭാഗം
4. അക്കാദമിക് വിഭാഗം
5.സുസ്ഥിര നിർമ്മാണം സംബന്ധിച്ച ഗവേഷണ വിഭാഗം
6.റൂറൽ ആർട്ട് ഹബ്ബ് പദ്ധതി

## I. വാസ്തുശില്പ കൺസൽട്ടൻസി

കേരളത്തിന്റെ തനത് വാസ്തുശില്പ പാരമ്പര്യവും ശൈലിയും ഉൾക്കൊണ്ട് കൺസൽട്ടൻസി സേവനങ്ങൾ കഴിഞ്ഞ 29 വർഷങ്ങളായി നൽകി വരുന്നു. തിരുവനന്തപുരത്തെ വൈലോപ്പിള്ളി സംസ്കൃതിഭവനിലെ കൂത്തമ്പലം ഉൾപ്പെടെയുള്ള കെട്ടിട സമുച്ചയങ്ങൾ രൂപകല്പന ചെയ്തു, നിർമ്മാണ കൺസൽട്ടൻസി സേവനം ലഭ്യമാക്കിയിട്ടുണ്ട്. പന്തളത്തെ മന്നം സ്മാരക

ആയുർവേദ മെഡിക്കൽ കോളേജ് ഉൾപ്പെടെ സംസ്ഥാനത്തിന് അകത്തും പുറത്തുമായി പതിനായിരത്തിലധികം വീടുകളും എഴുന്നൂറോളം ആരാധനാലയങ്ങളും നിർമ്മിക്കുന്നതിന് ഗുരുകുലം കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.കൂടാതെ പൈതൃക മന്ദിരങ്ങളുടെ ഡോക്യുമെന്റേഷനും നടത്തിയിട്ടുണ്ട്.

കേരളത്തിലെ പ്രമുഖ പൈതൃക മന്ദിരങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ പദ്ധതി, സംസ്ഥാന പുരാവസ്തു വകുപ്പിന് വേണ്ടി വാസ്തുവിദ്യാ ഗുരുകുലം നിർവ്വഹിച്ചുവരുന്നു. തൃപ്പൂണിത്തുറ ഹിൽ പാലസ്, തിരുവനന്തപുരം ശ്രീപാദം കൊട്ടാരം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കായംകുളം കൃഷ്ണപുരം കൊട്ടാരം, തൃശ്ശൂർ ശക്തൻ തമ്പുരാൻ പാലസ്, തൃശ്ശൂർ കൊല്ലംകോട് പാലസ്, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം, ഫോർട്ട് കൊച്ചി അരിയിട്ടുവാഴ്ച്ചകൊട്ടാരം, ഫോർട്ട് കൊച്ചി ബാസ്റ്റൺ ബംഗ്ലാവ്, ചങ്ങനാശ്ശേരി കുമാരമംഗലത്ത് മന എന്നീ പത്തു സുപ്രധാന പൈതൃക മന്ദിരങ്ങളുടെ ഗ്രാഫിക് ഡോക്യുമെന്റേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന് പുറമെ സംസ്ഥാനത്തെ അപൂർവ്വ പാരമ്പര്യ നിർമ്മിതികളുടെയും ഡോക്യുമെന്റേഷൻ വാസ്തുവിദ്യാ ഗുരുകുലം ഏറ്റെടുത്തിട്ടുണ്ട്.

## II. ഹരിത നിർമ്മാണ സാങ്കേതികവിദ്യാ കൺസൾട്ടൻസി

കാലാവസ്ഥാ വ്യതിയാനം പോലെയുള്ള ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യന്റെയും ജന്തു സസ്യജാലങ്ങളുടെയും മാത്രമല്ല ഭൂമിയുടെ തന്നെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന ആകെ കാർബൺ മാലിന്യങ്ങളുടെ 37 ശതമാനവും കെട്ടിട നിർമ്മാണ മേഖലയുടെ സംഭാവനയാണെന്നാണ് യു. എൻ. ഇ. പി. യുടെ ഇതു സംബന്ധിച്ച റിപ്പോർട്ട് വ്യക്തമാക്കുന്നത്(UNEP 2021 Global Status Report for Building and Construction, Chapter: 3.4 Emissions in the Buildings and Construction Sector,Page.41) ഈ സവിശേഷ സാഹചര്യത്തിൽ സുസ്ഥിര നിർമ്മാണ സങ്കേതങ്ങളുടെ (Sustainable Building Technologies)പ്രസക്തി ഏറിവരികയാണ്. സമ്പൂർണ്ണ പ്രകൃതി സൗഹൃദ നിർമ്മാണ വസ്തുക്കളും നിർമ്മാണവിദ്യയുമാണ് കേരളത്തിലെ പരമ്പരാഗത വാസ്തുവിദ്യാ പാരമ്പര്യത്തിന്റെ സവിശേഷത. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സൗഹാർദ്ദപൂർണമായ പാരസ്പര്യത്തിനെ ഊട്ടിവളർത്തുന്ന നിർമ്മാണസങ്കേതങ്ങൾക്ക് പ്രസക്തി വർദ്ധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ദിശയിൽ കൂടുതൽ പ്രവർത്തനങ്ങൾ ഗുരുകുലം ഏറ്റെടുത്ത് നടത്തിവരുന്നു. പുനരുപയോഗക്ഷമങ്ങളായ നിർമ്മാണസാമഗ്രികൾ പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള ഹരിത നിർമ്മാണ സങ്കേതങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രത്യേക കൺസൾട്ടൻസി സേവനം ഗുരുകുലം നല്കി വരുന്നു.

## III. ചുമർചിത്രരചന വിഭാഗം

പ്രകൃതിദത്ത ചായക്കൂട്ടുകൾ ഉപയോഗിച്ച് പരമ്പരാഗത ശൈലിയിലുള്ള ചുമർചിത്രരചനാ സങ്കേതങ്ങളെ പ്രചരിപ്പിക്കുക എന്ന പ്രവർത്തനമാണ്

വാസ്തുവിദ്യാഗുരുകുലം നടപ്പിലാക്കി വരുന്നത്. കൊട്ടാരങ്ങളുടെയും ക്ഷേത്രങ്ങളുടെയും അകത്തളങ്ങളിൽ നിന്നും പൊതുജനങ്ങളിലേക്ക് ഈ കലാരൂപത്തിനെ എത്തിക്കുന്നതിന് വാസ്തുവിദ്യാഗുരുകുലം നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്. നിരവധി പുരാതന ചുമർചിത്രങ്ങളുടെ പരിരക്ഷണം നിർവ്വഹിച്ചതിന് പുറമെ ഒട്ടനവധി ചുമർചിത്ര പരമ്പരകളുടെ രചനയും നിർവ്വഹിച്ചിട്ടുണ്ട്. ചെറുതുരുത്തിയിലെ കേരള കലാമണ്ഡലം, ചങ്ങനാശ്ശേരി എൻ.എസ്.എസ് ആസ്ഥാന മന്ദിരം, എസ്.ഡി. കോളജ് ആലപ്പുഴ, വെറ്റിനറി യൂണിവേഴ്സിറ്റി- വയനാട്, രവികരുണാകരൻ മ്യൂസിയം ആലപ്പുഴ, വർക്കല വിവിഡ് കോർപ്പറേഷന്റെ രംഗകലാമണ്ഡപം, സി.ഇ.റ്റി തിരുവനന്തപുരം, എസ്.ബി.ഐ ഹെഡ് ക്വാർട്ടേർസ്, വൈലോപ്പിള്ളി സംസ്കൃതിഭവൻ, ടൂറിസം ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഗുരുകുലം സൃഷ്ടിച്ചിട്ടുള്ള ചുമർചിത്രങ്ങൾ ഏറെ ശ്രദ്ധേയമാണ്.

ആറന്മുളയിലും തിരുവനന്തപുരത്തും വിപുലമായ ഓരോ ചുമർചിത്രകലാ ഗ്യാലറിയും വാസ്തുശില്പ മ്യൂസിയവും ഗുരുകുലം ഒരുക്കിയിട്ടുണ്ട്.

കൂടാതെ ചുമർചിത്രകല, വാസ്തുവിദ്യാ വിഷയങ്ങളിൽ നിരവധി അക്കാദമിക് കോഴ്സുകൾ സ്ഥാപനം നടത്തിവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ പാരമ്പര്യ വാസ്തുവിദ്യാ വിഷയത്തിലെ പി.ജി.ഡിപ്ലോമ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയ്ക്ക് പുറമെ ചുമർചിത്രകലയിലും ദ്വിവത്സര ഡിപ്ലോമ ഉൾപ്പെടെയുള്ള കോഴ്സുകളും നടത്തിവരുന്നു.

## IV. അക്കാദമിക് വിഭാഗം

ചുമർചിത്രകല, വാസ്തുവിദ്യാ വിഷയങ്ങളിൽ നിരവധി അക്കാദമിക് കോഴ്സുകൾസ്ഥാപനം നടത്തിവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ പാരമ്പര്യ വാസ്തുവിദ്യാ വിഷയത്തിലെ പി.ജി.ഡിപ്ലോമ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയ്ക്ക് പുറമെ ചുമർചിത്രകലയിൽ ദ്വിവത്സര ഡിപ്ലോമ ഉൾപ്പെടെ ആകെ ഏഴു കോഴ്സുകൾ നടത്തിവരുന്നു. ഇതിൽ ഒരെണ്ണം സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള വെക്കേഷൻ മ്യൂറൽ കോഴ്സ് ആണ്.

## V. സുസ്ഥിര നിർമ്മാണം സംബന്ധിച്ച ഗവേഷണ വിഭാഗം

പരിസ്ഥിതി സൗഹൃദ സുസ്ഥിര നിർമ്മാണ വിദ്യ സംബന്ധിച്ച് അഖിലേന്ത്യ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന് (എഐസിടിഇ) സമർപ്പിച്ച ഒരു പഠന-ഗവേഷണ പദ്ധതി നിർദ്ദേശം കൗൺസിൽ അംഗീകരിക്കുകയും ആയതിന് ഗ്രാന്റ് അനുവദിക്കുകയും ചെയ്യുകയുണ്ടായി. ഗ്രാന്റ് തുകയുടെ ആദ്യഗഡു 21.00 ലക്ഷം രൂപ ഗുരുകുലത്തിന് കൈമാറി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ജലാംശത്തെ അതിജീവിക്കുന്ന മൺനിർമ്മിതികൾ, കെട്ടിട നിർമ്മാണ, പൊളിക്കൽ ഖരമാലിന്യങ്ങളുടെ പുനരുപയോഗം (recycling of construction and demolition waste), ഓർഗാനിക് ബോണ്ടിങ് മിശ്രിതമായ അഷ്ടകൂട്ടിന്റെ ശാസ്ത്രീയത എന്നിവ സംബന്ധിച്ച പഠനഗവേഷമാണ് നടത്തേണ്ടത്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ലഭിച്ച 310 ഗവേഷണ നിർദ്ദേശങ്ങളിൽ നിന്നുമാണ് മത്സരാധിഷ്ഠിത മുഖാമുഖം വഴി തെരഞ്ഞെടുപ്പ് നടത്തിയത്. രാജ്യത്തെ പ്രമുഖ സർവ്വകലാശാലകൾ സമർപ്പിച്ച ഗവേഷണ നിർദേശങ്ങൾക്കൊപ്പം വാസ്തുവിദ്യാ ഗുരുകുലത്തിന്റേതും തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. യോഗ്യതയുള്ളതെന്ന് കണ്ടെത്തിയ ആകെ 13 ഗവേഷണ സ്ഥാപനങ്ങളിൽ ഒന്നായി വാസ്തുവിദ്യാഗുരുകുലം പരിഗണിക്കപ്പെട്ടത് സാംസ്കാരിക വകുപ്പിന്റെ അഭൂതപൂർവ്വമായ ഒരു നേട്ടമാണ്.

## VI. റൂറൽ ആർട്ട് ഹബ്ബ് പദ്ധതി

ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവർക്കായി പരിശീലന പദ്ധതികൾ നടപ്പിലാക്കുക, വിപുലമായ വിപണി ശൃംഖലകൾ സ്ഥാപിക്കുകയും അതുവഴി നാടിന്റെ കലാ കരകൗശല പൈതൃകത്തിനെ പരിരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ സാംസ്കാരിക വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണ കലാ കേന്ദ്രം പദ്ധതി (Rural Art Hub Scheme). ഇതിന്റെ നിർവ്വഹണ ഏജൻസിയായി വാസ്തുവിദ്യാ ഗുരുകുലം പ്രവർത്തിച്ചുവരുന്നു.

## VII. പ്രസിദ്ധീകരണം

വാസ്തുവിദ്യയും അനുബന്ധവിഷയങ്ങളും പ്രചരിപ്പിക്കുന്നതിനും സുലളിതമായി ജനമദ്ധ്യത്തിൽ എത്തിക്കുന്നതിനും വേണ്ടി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പ്രസിദ്ധീകരണവിഭാഗവുമായി സഹകരിച്ച് പുസ്തകങ്ങള് പ്രസിദ്ധീകരിക്കുന്നു.

വാസ്തുവിദ്യയിലും ചുമർചിത്രത്തിലും റഫറൻസ്സൌകര്യവും, വാസ്തുവിദ്യയും, ചുമർചിത്രങ്ങളും അനുബന്ധവിഷയങ്ങളും അടിസ്ഥാനപ്പെടുത്തി വിപുലമായ ഒരു ലൈബ്രറിയും വാസ്തുവിദ്യാ ഗുരുകുലത്തിന്റെ മറ്റൊരു പ്രത്യേകതയാണ്.

# വാസ്തുവിദ്യാ ഗുരുകുലം നടത്തിവരുന്ന അക്കാദമിക് കോഴ്സുകൾ

## 1.പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ പി.ജി.ഡിപ്ലോമ

## (Post-Graduate Diploma in Traditional Architecture)

(മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അംഗീകൃതം)

സിവിൽ/ ആർക്കിടെക്ച്ചർ ബിരുദധാരികൾക്കായി സംവിധാനം ചെയ്തിരിക്കുന്ന കോഴ്സാണ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ച്ചർ കോഴ്സ്. വാസ്തുവിദ്യയുടെ ആധാര ഗ്രന്ഥങ്ങളായ മയമതം, മാനസാരം, വിശ്വകർമ്മപ്രകാശിക, ശില്പരത്നം എന്നിവയും പ്രകരണ ഗ്രന്ഥങ്ങളായ മനുഷ്യാലയചന്ദ്രിക, തന്ത്ര സമുച്ചയം, എന്നിവയും അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായി തയ്യാർ ചെയ്ത സിലബസിനെ ആധാരമാക്കിയുള്ള ആദ്യത്തെ യൂണിവേഴ്സിറ്റി അംഗീകൃത കോഴ്സ്.

| | | |
|---|---|---|
| കാലാവധി | - | ഒരുവർഷം |
| ആകെസീറ്റ് | - | 25 |
| പ്രായപരിധി | - | ഇല്ല |
| അധ്യയന മാധ്യമം | - | മലയാളം/ഇംഗ്ലീഷ് |
| പ്രവേശനം | - | ഇൻറർവ്യൂവിൻറെ അടിസ്ഥാനത്തില് |
| കോഴ്സ് ഫീസ് | - | 40,000 രൂപ+18 %ജി.എസ്.റ്റി |
| യോഗ്യത | - | സിവിൽ/ ആർക്കിടെക്ചര് എൻജിനീയറിംഗ് ബിരുദം |
| അപേക്ഷ ഫീസ് | - | 200/- രൂപ |

<u>കോഴ്സ് നിർവ്വഹണം:-</u>

പാഠ്യപദ്ധതിയെ വിവിധ മോഡ്യൂളുകളായി തരം തിരിച്ച് ഓരോ മാസത്തിലും 8 ദിവസം ക്ലാസ്സുകൾ സംവിധാനം ചെയ്തിരിക്കുന്നു. പ്രാക്ടീസിംഗ് ആർക്കിടെക്ടുകൾക്കും എൻജിനീയേഴ്സിനും കൂടി ഈ കോഴ്സ് പ്രയോജനപ്പെടുക എന്ന ഉദ്ദേശത്തിലാണ് ഇത്തരത്തിൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ5 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| പേപ്പർ | 1 | – | വാസ്തുവിദ്യാ ചരിത്രം, തത്വങ്ങൾ, പ്രമാണങ്ങൾ, അനുബന്ധവിഷയങ്ങൾ | - | മാർക്ക് 100 |
| പേപ്പർ | 2 | - | ഹർമ്മ്യഭാഗം | - | മാർക്ക് 100 |
| പേപ്പർ | 3 | - | ദേവാലയഭാഗം | - | മാർക്ക് 100 |
| പേപ്പർ | 4 | - | വാസ്തുശില്പരചനയും രൂപകല്പനയും | - | മാർക്ക് 100 |
| പേപ്പർ | 5 | - | പ്രൊജക്ട് വർക്ക് | - | മാർക്ക് 100 |

ഓരോ പേപ്പറിനും വിജയിക്കാൻ മിനിമം 50% മാർക്ക് നിർബന്ധമാണ്.

5 വിഷയങ്ങൾക്കും കൂടി 50%നും 60%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60%നും 80%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ലാസ്സോടുകൂടി വിജയിച്ചവരായും അതിനുമുകളിൽ

മാർക്ക് കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടുകൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

## 2. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഡിപ്ലോമ -കറസ്പോണ്ടൻസ് കോഴ്സ് (Diploma in Traditional Architecture- Correspondance course)

വാസ്തുവിദ്യയെക്കുറിച്ച് സാമാന്യമെങ്കിലും കൃത്യമായ ഒരു അവബോധം സൃഷ്ടിക്കുന്നതിനും കാലിക പ്രധാന്യത്തോടുകൂടി ദേശീയതലത്തിൽ പരിചയപ്പെടുത്തുന്നതിനുമായി അംഗീകൃത സർവ്വകലാശാല ബിരുദമോ, സിവിൽ/ആർക്കിടെക്ച്ചർ / ത്രിവത്സര ഡിപ്ലോമയോ ഉള്ളവർക്കായി സംവിധാനം ചെയ്തിരിക്കുന്ന കോഴ്സ്.

| | | |
|---|---|---|
| കാലാവധി | - | ഒരു വർഷം |
| ആകെസീറ്റ് | - | 100 |
| പ്രായപരിധി | - | ഇല്ല |
| അധ്യയന മാധ്യമം | - | മലയാളം |
| പ്രവേശന യോഗ്യത | - | അംഗീകൃത ബിരുദം/ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ |
| കോഴ്സ് ഫീസ് | - | 20000/-രൂപ+ 18 %ജി.എസ്.റ്റി |
| അപേക്ഷ ഫീസ് | - | 200/- രൂപ |

<u>കോഴ്സ് നിർവ്വഹണം:-</u>

പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ5 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| പേപ്പർ | 1 | – | ചരിത്രവാസ്തു | - | മാർക്ക് 100 |
| പേപ്പർ | 2 | - | അനുബന്ധവാസ്തു | - | മാർക്ക് 100 |
| പേപ്പർ | 3 | - | ഗൃഹവാസ്തു | - | മാർക്ക് 100 |
| പേപ്പർ | 4 | - | ദേവാലയവാസ്തു | - | മാർക്ക് 100 |
| പേപ്പർ | 5 | - | പ്രൊജക്ട് വർക്ക് | - | മാർക്ക് 100 |

പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ ലളിതവും വിശദവുമായ പ്രിന്റഡ് സ്റ്റഡി മെറ്റീരിയലും റഫറൻസ് പുസ്തകങ്ങളുടെ വിശദാംശവും കാലാകാലങ്ങളിൽ വിദ്യാർത്ഥികൾക്ക് അയച്ചു നൽകുന്നതാണ്. ഓരോ പേപ്പറിനും മൂന്നു ദിവസത്തിൽ കുറയാത്ത കോണ്ടാക്ട് ക്ലാസ്സുകൾ വാസ്തുവിദ്യാ ഗുരുകുലം ഫാക്കൽറ്റി അംഗങ്ങൾ നൽകുന്നതാണ്. പാഠ്യപദ്ധതിപ്രകാരം ക്ലാസ്സുകൾ പൂർത്തിയായതിനുശേഷം ഫൈനൽ പരീക്ഷ നടത്തുന്നതാണ്.

ഓരോ പേപ്പറിനും വിജയിക്കുന്നതിന് മിനിമം 50% മാർക്ക് നിർബന്ധമാണ്.5 വിഷയങ്ങൾക്കും കൂടി 50%നും 60%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60%നും 80%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ലാസ്സോടുകൂടി വിജയിച്ചവരായും അതിനുമുകളിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടുകൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

## 3.പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

## (Certificate Course in Traditional Architecture)

വിശ്വകർമ്മ സമുദായത്തിലെ 35 വയസ്സിനു താഴെയുള്ള എസ്.എസ്.എൽ.സി പാസായവർക്ക് 20 സീറ്റ്, മറ്റ് സമുദായക്കാർക്ക് 20 സീറ്റ്

| | | |
|---|---|---|
| കാലാവധി | - | ഒരുവർഷം |
| ആകെസീറ്റ് | - | 40 (50 ശതമാനം വിശ്വകർമ്മ വിഭാഗത്തിനായി നീക്കിവെച്ചിരിക്കുന്നു) |
| പ്രായപരിധി | - | 35 വയസ്സ് |
| അധ്യയന മാധ്യമം | - | മലയാളം |
| കോഴ്സ് ഫീസ് | - | 20,000 രൂപ+ 18 %ജി.എസ്.റ്റി |
| യോഗ്യത | - | എസ്.എസ്.എൽ.സി |

<u>കോഴ്സ് നിർവ്വഹണം:-</u>

രാവിലെ 10 മുതൽ 3.30വരെയുള്ള റെഗുലർ ക്ലാസ്സുകൾ. പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ 5 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| പേപ്പർ | 1 | – | വാസ്തുവിദ്യാ ചരിത്രം, തത്വങ്ങൾ, പ്രമാണങ്ങൾ, അനുബന്ധവിഷയങ്ങൾ | - | മാർക്ക് 100 |
| പേപ്പർ | 2 | - | ഹർമ്മ്യഭാഗം | - | മാർക്ക് 100 |
| പേപ്പർ | 3 | - | ദേവാലയഭാഗം | - | മാർക്ക് 100 |
| പേപ്പർ | 4 | - | വാസ്തുശില്പരചനയും രൂപകല്പനയും | - | മാർക്ക് 100 |
| പേപ്പർ | 5 | - | പ്രൊജക്ട് വർക്ക് | - | മാർക്ക് 100 |

ഓരോ പേപ്പറിനും വിജയിക്കുന്നതിന് മിനിമം 50% മാർക്ക് നിർബന്ധമാണ്.

5 വിഷയങ്ങൾക്കും കൂടി 50%നും 60%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60%നും 80%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ലാസ്സോടുകൂടി വിജയിച്ചവരായും അതിനുമുകളിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടുകൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

## 4.പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ്

## (Short Term (4 month )Certificate Course In Traditional Architecture)

ഐ.റ്റി.ഐ, ഡിപ്ലോമ സിവിൽ കഴിഞ്ഞവർക്കുവേണ്ടി ഹ്രസ്വകാല കോഴ്സ്.

| | | |
|---|---|---|
| കാലാവധി | - | നാല് മാസം |
| ആകെസീറ്റ് | - | 30 |
| പ്രായപരിധി | - | ഇല്ല |
| അധ്യയന മാധ്യമം | - | മലയാളം |
| യോഗ്യത | - | I T I Civil Draughtsman,KGCECivil Engineering, ITI Architectural Assistant-ship OR Diploma In Civil |

Engineering, Architecture, Professional diploma in civil and construction engineering.

കോഴ്സ് ഫീസ് - 25,000 രൂപ+ 18 % ജി.എസ്.റ്റി

പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ 2 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

പേപ്പർ 1 – വാസ്തുവിദ്യാ ചരിത്രം, തത്വങ്ങൾ, പ്രമാണങ്ങൾ, അനുബന്ധവിഷയങ്ങൾ - മാർക്ക് 100

പേപ്പർ 2 - ഹർമ്മ്യഭാഗം - മാർക്ക് 100

ഓരോ പേപ്പറിനും വിജയിക്കുന്നതിന് മിനിമം 50% മാർക്ക് നിർബന്ധമാണ്.

2 വിഷയങ്ങൾക്കും കൂടി 50%നും 60%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60%നും 80%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ലാസ്സോടുകൂടി വിജയിച്ചവരായും അതിനുമുകളിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടുകൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

## 5. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല സർട്ടിഫിക്കറ്റ്

## (Short Term (6 month) Certificate Course In Traditional Architecture)

കാലാവധി - 6 മാസം
ആകെസീറ്റ് - 50
പ്രായപരിധി - ഇല്ല
അധ്യയന മാധ്യമം - മലയാളം
യോഗ്യത - എസ്.എസ്.എൽ.സി
കോഴ്സ് ഫീസ് - 10,000 രൂപ+ 18 %ജി.എസ്.റ്റി

പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ 2 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

പേപ്പർ1- വാസ്തുവിദ്യാ ചരിത്രം, തത്വങ്ങൾ, പ്രമാണങ്ങൾ, അനുബന്ധ വിഷയങ്ങൾ - മാർക്ക് 100

പേപ്പർ 2- ഹർമ്മ്യഭാഗം- മാർക്ക് 100

ഓരോ പേപ്പറിനും വിജയിക്കുന്നതിന് മിനിമം 50% നിർബന്ധമാണ്.

2 വിഷയങ്ങൾക്കും കൂടി 50% നും 60% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60% നും 80% നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ലാസ്സോടു കൂടി വിജയിച്ചവരായും അതിനുമുകളിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടു കൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

## 6. ചുമർചിത്ര രചനയിൽ സർട്ടിഫിക്കറ്റ്കോഴ്സ്

**(One Year Certificate Course In Mural Painting)**

ചുമർചിത്രകലയിൽ താൽപ്പര്യമുള്ള, എസ്.എസ്.എൽ.സി. പൂർത്തിയായവർക്ക് പരിശീലനം നൽകുന്നതിനായി ഒരു വർഷത്തെ മ്യൂറൽപെയിന്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്. കോഴ്സിന്റെ ദൈർഘ്യം 100 സാധ്യായ ദിവസങ്ങളിലെ ക്ലാസ്സ്.

| | | |
|---|---|---|
| കാലാവധി | - | ഒരുവർഷം |
| ആകെസീറ്റ് | - | 25 |
| പ്രായപരിധി | - | ഇല്ല |
| യോഗ്യത | - | എസ്.എസ്.എൽ.സിയും, ചുമർചിത്രരചനയില് താൽപ്പര്യവും |
| കോഴ്സ് ഫീസ് | - | 25,000 രൂപ+ 18 %ജി.എസ്.റ്റി |

കോഴ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് പഠനയാത്രയും റിപ്പോർട്ടും. അവസാനവർഷ പരീക്ഷയിൽ പങ്കെടുത്ത് യോഗ്യത തെളിയിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ 5 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| പേപ്പർ | 1 | – | സ്വാഭാവിക ചായക്കൂട്ടുകൾ ഉപയോഗിച്ചുള്ള രചന | - | മാർക്ക് 200 |
| പേപ്പർ | 2 | - | ഡിസൈൻ പെയിന്റിംഗ് (ജലച്ചായം) | - | മാർക്ക് 100 |
| പേപ്പർ | 3 | - | ഫിഗർ പെയിന്റിംഗ് (ജലച്ചായം) | - | മാർക്ക് 100 |
| പേപ്പർ | 4 | - | പെൻസിൽ ഡ്രോയിംഗ് | - | മാർക്ക് 50 |
| പേപ്പർ | 5 | - | തിയറി | - | മാർക്ക് 50 |

ഓരോ പേപ്പറിനും വിജയിക്കുന്നതിന് 50% മാർക്ക് നിർബന്ധമാണ്.

## 7. ദ്വിവത്സര ഡിപ്ലോമ മ്യൂറൽ കോഴ്സ് –

**(Two year Diploma Course In Mural Painting)**

സ്വാഭാവിക ചായക്കൂട്ടുകളുടെ നിർമ്മാണം മുതൽ സങ്കീർണ്ണമായ ചിത്രരചന വരെ പ്രതിപാദിക്കുന്ന കോഴ്സ്. എസ്.എസ്.എൽ.സി പാസ്സായവർക്കു വേണ്ടിയുള്ളത്.

| | |
|---|---|
| കോഴ്സിൻറെ പേര് | - ഡിപ്ലോമ ഇന് മ്യൂറല് പെയിൻറിംഗ് |
| കോഴ്സ് ദൈർഘ്യം | - 2 വർഷം |
| സീറ്റുകളുടെ എണ്ണം | - 25 |
| കോഴ്സ് ഫീസ് | - 40000/-രൂപ +18 %ജി.എസ്.റ്റി |
| യോഗ്യത | - എസ്.എസ്.എൽ.സിയും, ചുമർചിത്രരചനയില് താൽപ്പര്യവും |

രാവിലെ 10 മണി മുതൽ 3.30 വരെയുള്ള റഗുലർക്ലാസ്സ്.പാഠ്യപദ്ധതിയെ ചുവടെ ചേർക്കുന്ന തരത്തിൽ 5 പേപ്പറുകളായി തിരിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| പേപ്പർ | 1 | – | ഡ്രോയിംഗ് | - മാർക്ക് 200 |
| പേപ്പർ | 2 | - | ഡിസൈൻ പെയിന്റിംഗ് | - മാർക്ക് 100 |
| പേപ്പർ | 3 | - | സ്വാഭാവിക ചായക്കൂട്ടുകൾ ഉപയോഗിച്ചുള്ള പെയിന്റിംഗ് | - മാർക്ക് 100 |
| പേപ്പർ | 4 | - | തിയറി | - മാർക്ക് 50 |
| പേപ്പർ | 5 | - | പ്രൊജക്ട് വർക്ക് | - മാർക്ക് 50 |

ഓരോ പേപ്പറിനും വിജയിക്കുന്നതിന് 50% മാർക്ക് നിർബന്ധമാണ്. 5 വിഷയങ്ങൾക്കും കൂടി 50%നും 60%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ വിജയികളായും 60%നും 80%നും ഇടയിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഫസ്റ്റ് ക്ലാസ്സോടുകൂടി വിജയിച്ചവരായും അതിനുമുകളിൽ മാർക്ക് കരസ്ഥമാക്കുന്നവരെ ഡിസ്റ്റിംഗ്ഷനോടുകൂടി വിജയിച്ചവരായും പ്രഖ്യാപിക്കുന്നതാണ്.

## 8. അവധിക്കാല മ്യൂറൽ കോഴ്സ് -നിറച്ചാർത്ത്

## (Vacation Mural course- Nirachaarth)

സ്കൂൾ- കോളേജ് വിദ്യാർത്ഥികൾക്കുള്ള അവധിക്കാല മ്യൂറൽ കോഴ്സ്. അവധിക്കാല ക്യാമ്പ് പോലെ നടത്തുന്നു.

| | | |
|---|---|---|
| കോഴ്സിൻറെ പേര് | - | നിറച്ചാർത്ത് |
| കോഴ്സ് ദൈർഘ്യം | - | 25 പ്രവർത്തി ദിവസം |
| യോഗ്യത | - | സ്കൂള് /കോളേജ് വിദ്യാർത്ഥികൾക്ക് |
| കോഴ്സ് ഫീസ് | - | ജൂനിയര് വിഭാഗം-2500/ രൂപ |
| | - | സീനിയര് വിഭാഗം -4000/ രൂപ |

കോഴ്സ് തീരുമ്പോൾ ചിത്രരചന മത്സരം നടത്തി അതിൽ വിജയിക്കുന്നവർക്ക് സമ്മാനവും പങ്കെടുത്തവർക്ക് പ്രോത്സാഹന സമ്മാനവും നല്കുന്നതാണ്.

**പരീക്ഷയിൽ പരാജിതരാവുന്നവർ വീണ്ടും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് 1000/- രൂപ പരീക്ഷ ഫീസായി അടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.**

### റഫറൻസ് സൌകര്യം

പാരമ്പര്യ തച്ചുശാസ്ത്രത്തിൽ റഫറൻസ് ചെയ്യുന്നതിനുള്ള സൌകര്യം ഗുരുകുലത്തിൽ ലഭ്യമാണ്. വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എൻജിനീയറിംഗ് കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾ ഈ റിസേർച്ച് സൌകര്യം പ്രയോജനപ്പെടുത്തിവരുന്നു.

### ലൈബ്രറി

തച്ചുശാസ്ത്രം, ചുമർചിത്രങ്ങൾ മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവയെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ അടങ്ങുന്ന ഒരു ലൈബ്രറി വാസ്തുവിദ്യാ ഗുരുകുലത്തിൽ ഉണ്ട്.

## വാസ്തുവിദ്യാഗുരുകുലം ഫാക്കൽറ്റി മെമ്പേസ്

1. ശ്രീ. കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് - ഡീൻ
2. ശ്രീ. എ.ബി. ശിവൻ - സ്ഥപതി, കോഴ്സ് കോ-ഓർഡിനേറ്റർ (ഇൻ ചാർജ്ജ്)
3. ശ്രീ. പി.പി. സുരേന്ദ്രൻ - ആർക്കിടെക്ച്ചറൽ എൻജിനീയർ
4. ശ്രീ. സുരേഷ് കുമാർ എസ് - മ്യൂറൽ ആർട്ടിസ്റ്റ്
5. ശ്രീ. സുരേഷ് വി - സീനിയർ സയന്റിസ്റ്റ്
6. ശ്രീമതി ജിൻഷ എം.എസ്. - പ്രോജക്റ്റ് എഞ്ചിനീയർ
7. ശ്രീ. മനോജ് ജി കുമാർ - ഡ്രാഫ്റ്റ്സ്മാൻ
8. ശ്രീമതി. ദീപ്തി പി ആർ - ഡ്രാഫ്റ്റ്സ്മാൻ
9. ശ്രീ. ശ്രീകുട്ടൻ നായർ സി.കെ - അസിസ്റ്റന്റ് മ്യൂറൽ ആർട്ടിസ്റ്റ്
10. ശ്രീ. അഭിലാഷ് കുമാർ എം. - അസിസ്റ്റന്റ് മ്യൂറൽ ആർട്ടിസ്റ്റ്
11. ശ്രീ. ജയകൃഷ്ണൻ ജി - അസിസ്റ്റന്റ് മ്യൂറൽ ആർട്ടിസ്റ്റ്
12. ശ്രീ. ബാലമുരളി - അസിസ്റ്റന്റ് മ്യൂറൽ ആർട്ടിസ്റ്റ്

## വാസ്തുവിദ്യാഗുരുകുലം വിസിറ്റിങ്ങ് ഫാക്കൽറ്റി

1. ഡോ. സേതുമാധവൻ കോയിത്തട്ട
2. ഡോ. ഉണ്ണികൃഷ്ണൻ
3. ഡോ. മോഹനാക്ഷൻ നായർ
4. ഡോ. ഷാജി
5. ഡോ.സി.രാമചന്ദ്രൻ
6. ഡോ. എം.ജി.ശശിഭൂഷൻ
7. ശ്രീ.കെ.കെ.മാരാർ ചുമർചിത്രനിരൂപകൻ
8. ശ്രീ.സത്യനാരായണൻ കോയിത്തട്ട
9. ശ്രീ.കാണിപ്പയ്യൂർ പരമേശ്വരൻനമ്പൂതിരിപ്പാട്
10. ശ്രീ.കെ.കെ. ശിവൻ
11. ശ്രീ. കാണിപ്പയ്യൂർ കൃഷ്ണൻനമ്പൂതിരിപ്പാട് (ജൂനിയർ)
12. ശ്രീ.കെ.എം ജോജോ (എഞ്ചിനീയർ)( പിജിഡിറ്റിഎ)-(PGDTA)
13. ശ്രീ. ഭൂപേഷ്.എസ്(കൺസർവേഷൻ എഞ്ചിനീയർ)
14. ശ്രീകുമാർ.ജി.(എഞ്ചിനീയർ)( DTA)

15. ശ്രീ.ഗോപകുമാർ.ജി
16. ശ്രീ.കൃഷ്ണകുമാർ.കെ.യു. (പ്രിൻസിപ്പാൾ, ഗുരുവായൂർ ചുമർചിത്ര കലാകേന്ദ്രം)
17. ശ്രീ.അജിതൻ പുതുമന (മ്യൂറൽ ആർട്ടിസ്റ്റ്)
18. ശ്രീ. കെ.ആർ. ബാബു (മ്യൂറൽ ആർട്ടിസ്റ്റ്)
19. ശ്രീ. അനിൽ കുമാർ വി.സി (മ്യൂറൽ ആർട്ടിസ്റ്റ്)
20. ശ്രീ. ഷൺമുഖ സുന്ദരം (ആർട്ടിസ്റ്റ് &ശില്പി)